പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 809 | 17.07.2014- ൽ മറുപടിക്ക് |
|---|---|

## മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന നിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബാബു എം. പാലിശ്ശേരി<br>" എ. പ്രദീപ് കുമാർ<br>" പുരുഷൻ കടലുണ്ടി<br>ഡോ. കെ. ടി. ജലീൽ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | കതിരവട്ടത്തെ മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗിയെ മർദ്ദിച്ചു കൊലപ്പെടുത്തിയ സംഭവത്തിന്റെ പശ്ചാതലത്തിൽ സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | എ) | കതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിലെ പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ ആശുപത്രി സൂപ്രണ്ട്/ ആർ. എം. ഒ തലത്തിൽ അവലോകനം നടത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ കളക്ടർ എന്നിവർ നേരിട്ട് ആശുപത്രി സന്ദർശിച്ച് അവലോകനം നടത്തി മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. ഹൈക്കോടതി ജഡ്ജിയുടേയും മനുഷ്യാവകാശ കമ്മീഷന്റെയും സന്ദർശനത്തിനു ശേഷം ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ കൈകൊണ്ടിട്ടുണ്ട്. വിശദമായ അന്വേഷണത്തിനു വേണ്ടി ഒരു വിദഗ്ദ കമ്മിറ്റി രൂപീകരിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.<br><br>മറ്റു മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം അതാത് സൂപ്രണ്ടുമാരുടേയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ അവലോകനം നടത്തി വേണ്ട തുടർനടപടികൾ എടുക്കുന്നുണ്ട്. |
| ബി) | ആശുപത്രി അധികൃതരുടെ വീഴ്ചയും സൗകര്യങ്ങളുടെ അപര്യാപ്തതയും | ബി) | കതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ പ്രസ്തുത കാര്യങ്ങളെകുറിച്ച് പരിശോധിക്കുന്നതിന് ജില്ലാ |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; | | മെഡിക്കൽ ആഫീസിലെ റീജിയണൽ വിജിലൻസ് യൂണിറ്റ്-3 യുടെ ചാർജ്ജ് വഹിക്കുന്ന അഡീഷണൽ ജില്ലാ മെഡിക്കൽ ആഫീസർ ഡോ. സമീറ. എ., അർ. സി. എച്ച്. ആഫീസർ, ഡോ. ആശാദേവി, ഗവ. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സുബ്രമണ്യൻ, സ്ത്രീകളുടെയും കുട്ടികളുടെയും ഗവ. ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. മോഹൻദാസ്, എന്നിവരടങ്ങുന്ന വിദഗ്ദ കമ്മിറ്റിയെ നിയമിക്കുകയും ഉടനടി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കമ്മിറ്റി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടനുസരിച്ച് ജീവനക്കാരാരും ബോധപൂർവ്വം കൃത്യവിലോപം നടത്തിയതായി കണ്ടെത്തിയിട്ടില്ല കമ്മിറ്റി അതിന്റെ വിശദമായ റിപ്പോർട്ട് പോസ്റ്റുമോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം സമർപ്പിക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | മാനസികാരോഗ്യ ചികിത്സ കേന്ദ്രങ്ങളെ ആധുനീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ? | സി) | സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ആശുപത്രികളുടെ അഭിവൃദ്ധിപ്പെടുത്തലിനും രോഗികളുടെ സംരക്ഷണത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.<br><br>**<u>തിരുവനന്തപുരം ഗവ. മാനസികാരോഗ്യ കേന്ദ്രം</u>**<br><br>(1) കുളിമുറികളോടുകൂടിയ 20 മുറികളുടെ നിർമ്മാണം ഉൾപ്പെടുന്ന പുരുഷൻമാരുടെ ഫോറൻസിക് വാർഡിന്റെ വിപുലീകരണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>(2) മുൻപ് ഉപയോഗിക്കാതെ കിടന്ന 5 സിംഗിൾ റൂമുകൾ നവീകരിച്ച് അവയിൽ രോഗികളെ പ്രവേശിപ്പിച്ച് വരുന്നു.<br>(3) വിചാരണ തടവുകാർക്കായുള്ള എല്ലാ സിംഗിൾ റൂമുകളിലും ഒരു കോമൺ റൂമിലും കഴിഞ്ഞവർഷം നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>(4) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായ ത്തോടെ നിർമ്മിച്ച ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം 2014 ഏപ്രിൽ മുതൽ ആരംഭിച്ചിട്ടുണ്ട് ഓ.പി. സർവ്വീസും കൗൺസിലിംഗും ഇവിടെ നൽകി വരുന്നു.<br>(5) കുളിമുറികളിലെ വെന്റിലേഷനുകളിൽ തൂങ്ങി മരണം ആവർത്തിക്കാതിരിക്കാനായി ആയവ കൊതുകു വല സ്ഥാപിച്ച് |

അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**<u>തൃശ്ശൂർ ഗവ. മാനസികാരോഗ്യകേന്ദ്രം</u>**

ആശുപത്രി വികസന സൊസൈറ്റിയുടെ തീരുമാന പ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മോഡേൺ സൈക്യാട്രി വാർഡിനു വേണ്ടി ഈ വർഷത്തെ പദ്ധതിയിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ അടുക്കളയ്ക്കുള്ള 90 ലക്ഷം രൂപയും ഫോറൻസിക് വാർഡിനുള്ള 126 ലക്ഷം രൂപയും ലബോറട്ടറി & എക്സ്റേവികസനത്തിനായുള്ള 78.61 ലക്ഷം രൂപയും ആരോഗ്യവകുപ്പ്, പൊതുമരാമത്ത് വകുപ്പിനു കൈമാറിയിട്ടുണ്ട്. കഴിഞ്ഞവർഷത്തെ പദ്ധതിയിൽ രോഗികൾക്ക് ഭക്ഷണവിതരണത്തിനായുള്ള വാഹനം ലഭ്യമാക്കിയിട്ടുണ്ട്.

**<u>കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രം</u>**

13-06-2013 ന് ചേർന്ന മാസ്റ്റർപ്ലാൻരൂപീകരണ യോഗത്തിന്റെ തീരുമാനപ്രകാരം താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച വരുന്ന

(1) പഴയ 2-ാം വാർഡ് പൊളിച്ചുമാറ്റി പുതിയ വാർഡ് ഉണ്ടാക്കുക
(2) ബയോകെമസ്റ്റ് ലാബ് ആരംഭിക്കുക
(3) ജനറേറ്റർ & ഇൻവർട്ടറുകൾ വാങ്ങുക
(4) ജീവനക്കാർക്ക് ഫ്ളാറ്റ് നിർമ്മിക്കുക
(5) ഡെ-കെയർ സെന്റർ ആരംഭിക്കുക
(6) ഫാമിലി തെറാപ്പി വാർഡിലെ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് ഡോർമിറ്ററി നിർമ്മിക്കുക
(7) രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഓട്ടോമേറ്റഡ് ഡ്രൈവർവാഹനം വാങ്ങുക
(8) ആധുനിക സൗകര്യങ്ങളോടും ലാൻഡ്സ്കേപ്പോടും കൂടിയ പാർക്ക് നിർമ്മിക്കുക
(9) സോളാർ പവ്വർസ്റ്റേഷൻ നിർമ്മിക്കുക
(10) ജീപ്പ് വാങ്ങുക
(11) സാമൂഹ്യ നീതി വകുപ്പിന്റെ പെൻഷൻ പദ്ധതിയിൽ മാനസികാരോഗ്യ കേന്ദ്രത്തിലെ അന്തേവാസികളെയും ഉൾപ്പെടുത്തുക
(12) കൂട്ടിരിപ്പുകാരില്ലാത്ത രോഗികളെ പരിചരിക്കുകയും അവരുട ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊടുക്കുയും ചെയ്യുന്നതിനും ജീവനക്കാർക്ക് പ്രത്യേക ഇൻസന്റീവ് ഏർപ്പെടുത്തുക

| | | | |
|---|---|---|---|
| | | | (13) രോഗം ഭേദമായിട്ടും അവകാശികൾ ഏറ്റെടുക്കാൻ തയ്യാറാകാതെ ടി ആശുപത്രിയിൽ കഴിയുന്നവർക്കായി പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പിലാക്കുക. |

**സെക്ഷൻ ഓഫീസർ**

(2)

1. What was really happened?

On 28-06-2014, Shri.Siddique (deceased), who was shifted from SRB 4 of ward no.3 to ward no.3, was put in forensic cell No.9, along with other two mentally challenged patients. One was Shri. Geo Zaachrias and the other was Shri. Naseer Babu. On 29-06-2014 around 5.45 a.m, Shri Naseer Babu , by shouting, alerted the staff on duty and Mr.Udhayakumar Staff Nurse rushed to Cell No.9. Mr .Udhayakumar noted that Zacharias was standing inside the cell and Shri siddique was sitting very close to the grill of the cell. On questioning Naseer Babu, as to why he shouted, he informed that Zacharrias had physically assaulted Siddique. At this moment Udhayakumar alerted Siddique and found him motionless. On a closer examination, Udhayakumar found that Siddique's neck was fastened to one end of a piece of dhothi and the other end of dhothi was fastened to the iron bar of the grill and middle portion of the dhothi was in the hands of Zacharrias. On seeing this, immediately, Mr.Udhayan inserted both his hands through the grills and lifted Siddique and directed Naseer babu to push Zacharrias. Smt.Sheeja , Staff Nurse removed the knot from the neck . At the same time Shri Premarajn, Hospital Attendant Gr.II opened the cell and both Udhayan and Premarajan entered the cell and brought Siddique outside the cell and found Siddique was breathing but with pulse was feeble. Mr. Udayakumar immediately started Cardio Pulmonary resuscitation and informed duty M.O. Within minutes duty Doctor reached the site and within no time they have shifted the patient to the nurses room (in the block). They have made all their efforts to save the patient and transferred the patient to Medical College Hospital in an Ambulance along with staff. On the way they have continued CPR and reached the casualty within ten minutes, and the patient was declared expired by the casualty authorities.

What had actually happened inside the cell cannot be explained, as there was no eye witness with a sane mind. And the CCTV coverage was not available for the forensic cell no.9.

The real cause of death will be known only after the perusal of the post mortem report.

Question No. 3 & 4: Already explained as per Question No.1 above.

**Conclusion**:

With the above mentioned facts committee could not observe any deliberate dereliction of duty of any of the staff on that day.

The detailed report with suggestion will be submit after obtaining the post mortem report.

11/7/14

Dr. Semeera.A
Additional District Medical Officer,Kozhikode.
Chair Person Enquiry Committee

Section Officer.